

# നോമ്പ് ഒന്നാം വെള്ളി - മത്താ 7: 1-6

മനുഷ്യൻ മനുഷ്യനെ വിധിക്കുന്നതിലെ പോരായ്മകളെയും പരിമിതികളെയും വ്യക്തമാക്കുന്നതാണ് ഈ സുവിശേഷഭാഗം. നമ്മുടെ വിധിയുടെ മാനദണ്ഡമെന്നത് പലപ്പോഴും ബാഹ്യമായ അവസ്ഥകൾ മാത്രമാണ്. പുറംമോടികളുടെ പശ്ചാത്തലത്തിലുള്ള വിധികൾ അപൂർണമായിരിക്കും. അതുകൊണ്ടാണ് പാപിനിയായ സ്ത്രീയെ വിധിക്കണമെന്ന് ആവശ്യപ്പെടുന്നവരോട് നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം ഇവളെ കല്ലെറിയട്ടെ (യോഹ 7: 53-58) എന്ന് ഈശോ പറയുന്നത്.

അന്യായമായും അകാരണമായും വിധിക്കുന്നവന് വീഴ്ചതന്നെ വിധി. അപരനെ വിധിക്കുമ്പോൾ നീ നിന്നെത്തന്നെയാണ് വിധിക്കുന്നതെന്ന് പൗലോസ് ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നു (റോമ 2: 1). ബാഹ്യമായ അവസ്ഥകളിലും അഭിപ്രായങ്ങളിലും മുഴുകി നീ അപരനെ വിധിക്കുകയും ശിക്ഷിക്കുകയും ചെയ്യരുതെന്ന് വി. എഫ്രേം പറയുന്നു. മറ്റുള്ളവരെ വിധിക്കരുത് എന്നതുകൊണ്ട് മറ്റുള്ളവരുടെ തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊടുക്കരുത് എന്നർത്ഥമില്ല. തെറ്റുചെയ്ത സഹോദരനെ തിരുത്തുന്നത് നന്മയാണ്.

ദൈവത്തിനു മാത്രമേ കൃത്യമായ നീതിയും ന്യായവുമനുസരിച്ച് വിധിക്കാനാവൂ. കർത്താവും രാജാവുമായവനെ എന്റെ തെറ്റുകളും കുറവുകളും തിരിച്ചറിയുവാനും എന്റെ സഹോദരങ്ങളെ വിധിക്കാതിരിക്കുവാനുമുള്ള കൃപയും എനിക്ക് നല്കണമേയെന്ന വി. എഫ്രേമിന്റെ പ്രാർത്ഥന ഇത്തരുണത്തിൽ പ്രസക്തമാണ്. ആയതിനാൽ, ഈ നോമ്പുകാലത്ത് വിധികളും മുൻവിധികളും ഒഴിവാക്കി സഹോദരസ്നേഹത്തോടെ വർത്തിക്കാം.

ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്

rawpixel